**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2002** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഗെയിമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഓൺലൈൻ ഗെയിമുകൾ കുട്ടികളിൽ ഉണ്ടാക്കുന്ന അമിത സ്വാധീനവും അതുവഴി അവരിൽ അപകടകരമായ പ്രവണതകളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കുട്ടികളുടെ പഠന നിലവാരത്തെയും കുടുംബാന്തരീക്ഷത്തെയും വളരെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത പ്രവണതകൾ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; അവ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | കേരളാ പോലീസ് സൈബർ ഡോമിന്റെ നേതൃത്വത്തിൽ സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗത്തിനും സ്മാർട്ട്ഫോൺ ഉപയോഗത്തിനും ആവശ്യമായ ബോധവത്കരണ ക്യാമ്പയിനുകൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി നൽകിവരുന്നുണ്ട്. വിദ്യാർത്ഥികളുടെ സൈബർ സുരക്ഷിതത്വത്തിനായി കിഡ്സ് ഗ്ലോവ് പോലെയുള്ള സൈബർ സുരക്ഷാ ബോധവത്ക്കരണവും ഓൺലൈൻ ഗെയിമുകളുടെ ദൂഷ്യവശങ്ങളെകുറിച്ചുള്ള പ്രചാരണവും ഓൺലൈൻ, സോഷ്യൽ മീഡിയ, പ്രിന്റഡ് മീഡിയ തുടങ്ങിയ മാധ്യമങ്ങൾ വഴിയും നടത്തുന്നുണ്ട്. ഇത്തരത്തിലുള്ള അപകടകരമായ ഗെയിമുകളെ കണ്ടെത്തുവാനും അവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും ആവശ്യമായ സൈബർ പട്രോളിംഗ് ഇന്റർനെറ്റിലും വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും നടത്തിവരുന്നുണ്ട്. കൂടാതെ ഗൂഗിൾ, ആൻഡ്രോയ്ഡ്, വിൻഡോസ് തുടങ്ങിയ പ്ലാറ്റ്ഫോമുകൾ നൽകുന്ന പേരന്റൽ കൺട്രോൾ ആപ്പുകൾ വഴിയും വിദ്യാർത്ഥികളുടെ സുരക്ഷിതമായ സ്മാർട്ട്ഫോൺ ഉപയോഗം ഒരു പരിധിവരെ സാധ്യമാക്കാം. പേരന്റൽ കൺട്രോൾ ആപ്പുകളുടെയും വിവിധ ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പേരന്റൽ കൺട്രോൾ സാധ്യമാക്കുന്ന ഫീച്ചറുകളെക്കുറിച്ചും ശരിയായ രീതിയിൽ രക്ഷിതാക്കളെയും അധ്യാപകരെയും ബോധവത്കരിക്കുന്നതിനായി അവയുടെ പ്രവർത്തന |

| | | | |
|---|---|---|---|
| | | | രീതികളും ഇൻസ്റ്റാൾ ചെയ്യുന്ന മാർഗ്ഗങ്ങളും ഉൾപ്പെടുത്തിയ വീഡിയോകൾ സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റ് മീഡിയകൾ വഴിയും രക്ഷിതാക്കളിലേക്ക് എത്തിക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഒരു പരിധിവരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ സർക്കാർ ഏജൻസികളോ സൈബർ പോലീസ് വിഭാഗമോ പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിലൂടെയും, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ചിരി പ്രോജക്ട് കിഡ്സ് ഗ്ലോവ് (സൈബർ ഡോം) പ്രോഗ്രാം, സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം എന്നിവ മുഖേന നടത്തുന്ന ബോധവത്ക്കരണം മുഖേനയും കുട്ടികൾക്കും അവരുടെ മാതാ പിതാക്കൾക്കും ഓൺലൈൻ ഗെയിമുകൾ ഉൾപ്പെടെയുള്ള ചതിക്കുഴികളെ സംബന്ധിച്ചും സുരക്ഷിതമായി ഓൺലൈൻ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനെ കുറിച്ചും നിരന്തരം ബോധവത്ക്കരണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ